I/177350/2024

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം, പിൻ - 695035

ഫോൺ: 0471-2302490 ഫാക്സ്:0471-2303025/20303080

ഇമെയിൽ: dhskerala@gmail.com     വെബ്സൈറ്റ്: www.dhs.kerala.gov.in

**DHS/12680/2023-DHS-C** **തീയതി.18-03-2024**

# സർക്കുലർ

വിഷയം: ആ.വ.ഡ. ജില്ലകളിൽ പ്രതിമാസ അവലോകനയോഗങ്ങൾ നടത്തുന്നത് സംബന്ധിച്ച്

സൂചന: GO(Rt) No. 217/2020/H&FWD DATED : 29/01/2020

GO(Rt) No. 217/2020/H&FWD DATED : 29/01/2020 പ്രകാരം ജില്ലകളിൽ വിവിധ തലങ്ങളിൽ നടത്തേണ്ട പ്രതിമാസ അവലോകന യോഗങ്ങളുടെ (സംസ്ഥാന, ജില്ല, ബ്ലോക്ക്, പി.എച്ച്.സി/എഫ്.എച്ച്.സി, Sub Centre) തീയതികൾ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. മറ്റ് യോഗങ്ങൾ ജില്ലകളിൽ നടത്തേണ്ടതില്ല. ഡയറക്ടറേറ്റ് തലത്തിലുള്ള ഓഡിറ്റ്, ജില്ലാ മെഡിക്കൽ ഓഫീസ് തലത്തിലുള്ള ഓഡിറ്റ്, ലോക്കൽ ഫണ്ട് ഓഡിറ്റ്, പ്ലാൻ ഫണ്ട്, നോൺ പ്ലാൻ ഫണ്ട് അവലോകനം എന്നിവ വിശകലനം ചെയ്യുന്നതിനായി ജില്ലകളിൽ Ministerial Staff ന്റെ യോഗം ചേരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് ഇനിമുതൽ തുടരേണ്ടതില്ല. ഓഡിറ്റുകളുടെ വിശകലനം അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റുമാരുടെ നേതൃത്വത്തിലും പ്ലാൻ, നോൺപ്ലാൻ ഫണ്ടുകളുടെ വിശകലനം ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ 2/3 ന്റെ നേതൃത്ത്വത്തിലും DMO കോൺഫറൻസുകളിൽ (മെഡിക്കൽ ഓഫീസർമാരുടെ) നടത്തേണ്ടതാണ്. ഓഡിറ്റ്, ഫണ്ട് വിനിയോഗം എന്നിവയുടെ പ്രവർത്തനങ്ങളിൽ വീഴ്ചവരുത്തുന്ന സ്ഥാപനമേധാവികളെയും സെക്ഷൻ ക്ലാർക്കിനെയും ആവശ്യമെങ്കിൽ DMO തലത്തിൽ വിളിച്ചുവരുത്തി വിശകലനം നടത്താവുന്നതാണ്. ആവശ്യഘട്ടങ്ങളിൽ performance audit, Fund വിനിയോഗം എന്നിവയ്ക്കായി പ്രത്യേക യോഗങ്ങൾ നടത്തേണ്ടതുണ്ടെങ്കിൽ അത് Online ആയിമാത്രം നടത്താവുന്നതാണ്. മുകളിൽ പ്രതിപാദിച്ചിട്ടുള്ള ഓർഡർ പ്രകാരമുള്ള പ്രതിമാസ അവലോകനയോഗങ്ങൾ മാത്രം Physical ആയി നടക്കുന്നുവെന്ന് ജില്ലാ മെഡിക്കൽ ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്. അല്ലാത്ത ഏത് മീറ്റിംഗുകളും ആവശ്യമുള്ള പക്ഷം ദിനം പ്രതിയുള്ള ജീവനക്കാരുടെ ഡ്യൂട്ടിക്ക് തടസ്സമില്ലാതെ Online ആയി നടത്താവുന്നതാണ്.

Signed by
Dr Reena K J
Date: 18-03-2024 12:10:40

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്

എല്ലാ അഡീഷണൽ ഡയറക്ടർമാർക്കും
എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും( സർക്കുലറിന്റെ പകർപ്പ് കീഴ്

I/177350/2024

സ്ഥാപനങ്ങൾക്ക് ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തിരം)
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്

സൂപ്രണ്ട്, ഒ&എം സെക്ഷൻ